**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - സമ്പൂർണ്ണ പെൻഷൻ ഗ്രാമം - ജനന - മരണ - വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിന്റെ ജില്ലാതല പ്രഖ്യാപനം - കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **81**/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 08.01.2014.

---

പരാമർശം:- 1) ജി.ഒ.(എം.എസ്) 58/06/ത.സ്വ.ഭ.വ. തീയതി: 16.02.2006.

2) പഞ്ചായത്ത് ഡയറക്ടറുടെ 31.12.2013-ലെ ജി1-48385/13 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും സമ്പൂർണ്ണ പെൻഷനുകൾ അനുവദിച്ചതിന്റേയും ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിന്റെയും ജില്ലാതല പ്രഖ്യാപനം 11.01.2014-ന് മണർകാട് ഗ്രാമ പഞ്ചായത്തിൽ വച്ച് നടക്കുന്നതായും ടി പരിപാടിയുടെ ചെലവിനായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 1000/- രൂപ വീതം ടി യോഗം നടക്കുന്ന മണർകാട് ഗ്രാമ പഞ്ചായത്തിന് സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ ആക്കിയതിന്റെയും സമ്പൂർണ്ണ ക്ഷേമ പെൻഷനുകൾ അനുവദിച്ചതിന്റെയും ജില്ലാതല പ്രഖ്യാപനത്തിന്റെ സംഘാടന ചെലവുകൾക്കായി ജില്ലയിലെ ഓരോ പഞ്ചായത്തും **അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (1) ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അവരുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 1000/- (ആയിരം രൂപ മാത്രം)** വീതം മണർകാട് ഗ്രാമ പഞ്ചായത്തിന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് മണർകാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വരവ് ചെലവ് കണക്കുകളുടെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റിന്മേൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം. (ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.